**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 130** — **20-06-2024 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി പുതിയ സ്കോളർഷിപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വേണ്ടി സംസ്ഥാന സർക്കാർ പുതിയ സ്കോളർഷിപ്പ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | **ആരംഭിച്ചിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി മാർഗ്ഗദീപം എന്ന പുതിയൊരു സ്കോളർഷിപ്പ് പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷം ബജറ്റിൽ 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്കോളർഷിപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | ഉന്നത പഠന കേന്ദ്രങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി പ്രത്യേകമായ സ്കോളർഷിപ്പ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | **ഉണ്ട്. ഐ.ഐ.ടി., ഐ.ഐ.എം. ഐ.ഐ.എസ്.ടി., ഐ.എം.എസ്.സി. എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കീഴിൽ ബിരുദാനന്തര ബിരുദം, പി.എച്ച്.ഡി. കോഴ്സുകൾക്ക് പഠിയ്ക്കുന്ന യോഗ്യരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് 50,000/- രൂപ നൽകുന്ന സ്കോളർഷിപ്പ് പദ്ധതി 2023-24 സാമ്പത്തിക വർഷം മുതൽ നടപ്പാക്കി വരുന്നു.** |

സെക്ഷൻ ഓഫീസർ